ഓട്ടോറിക്ഷകൾക്ക് ഇലക്ട്രോണിക് മീറ്റർ

89 [1295] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഓട്ടോറിക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ മേഖലകളിലാണ് മെക്കാനിക്കൽ മീറ്ററുകൾ നടപ്പാക്കിയിട്ടുള്ളത് ;

(സി) മെക്കാനിക്കൽ മീറ്റർ മാറ്റി ഇലക്ട്രോണിക് മീറ്റർ നടപ്പാക്കാനുള്ള കാരണമെന്താണ് ;

(ഡി) ഈ തീരുമാനം ഇപ്പോൾ ഉപേക്ഷിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 31-3-2004 വരെ 303092 ഓട്ടോറിക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പഞ്ചായത്ത് ഒഴികെയുള്ള എല്ലാ പ്രദേശങ്ങളിലും മെക്കാനിക്കൽ മീറ്റർ ബാധകമാണ്.

(സി) ഓട്ടോറിക്ഷ ഉടമകളും, ഡ്രൈവർമാരും നിലവിലുണ്ടായിരുന്ന മെക്കാനിക്കൽ മീറ്ററിൽ കൃത്രിമത്വം കാട്ടി യാത്രക്കാരിൽനിന്നും അമിത തുക ഈടാക്കുന്നതായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആണ് കൃത്രിമത്വം കാണിക്കാൻ കഴിയാത്തതായ ഡിജിറ്റൽ ഫെയർ മീറ്ററുകൾ നിർബന്ധമാക്കാൻ തീരുമാനിച്ചത്. 1-4-2004-ന് ശേഷം രജിസ്റ്റർ ചെയ്യുന്ന എല്ലാ ഓട്ടോറിക്ഷകളിലും ഫെയർ മീറ്റർ നിർബന്ധമാക്കുകയും 1-4-2004-ന് മുൻപ് രജിസ്റ്റർ ചെയ്തവയിൽ 31-12-2004-ന് ശേഷം ഹിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാൻ വരുന്ന അവസരത്തിൽ ഡിജിറ്റൽ ഫെയർ മീറ്റർ നിർബന്ധമായും ഘടിപ്പിച്ചിരിക്കണം എന്ന് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനിച്ചിരുന്നു.

(ഡി) 24-1-2005-ൽ ഗതാഗത വകുപ്പുമന്ത്രിയും ഓട്ടോറിക്ഷ തൊഴിലാളി നേതാക്കളും തമ്മിലുണ്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന ഓട്ടോറിക്ഷകളിൽ മാത്രം ഡിജിറ്റൽ ഫെയർ മീറ്റർ ഘടിപ്പിച്ചാൽ മതിയെന്നും, വിശദമായ പഠനം നടത്തിയതിനുശേഷം പഴയ ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്റർ ഘടിപ്പിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly